ഇക്കോ കേഡറ്റ് പദ്ധതി സംബന്ധിച്ച്

288 (2163) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പ് ഇക്കോ-കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളുടെ വിശദ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നാളിതുവരെ പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര വിദ്യാർത്ഥികൾക്ക് വകുപ്പ് പരിശീലനം നൽകിയിട്ടുണ്ട് ; ഇതിനായി എത്ര ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത് ;

(സി) ഇക്കോ കേഡറ്റ് പദ്ധതിയുടെ സിലബസ് പ്രസിദ്ധപ്പെടുത്താമോ ?

ഉത്തരം

(എ) ഇക്കോ-കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതേത്തുടർന്ന് സ്കൂളുകളുടെ സെലക്ഷൻ നടപടികൾ പുരോഗമിച്ച് വരുന്നു. ആയത് പൂർത്തിയായിട്ടില്ല.

(ബി) പദ്ധതി പ്രാരംഭഘട്ടത്തിലായതിനാൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുവാൻ സാധിച്ചിട്ടില്ല. ടി പദ്ധതി നടപ്പിലാക്കുന്നതിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി 1-10-2014-ലെ ജി.ഒ. (ആർ.റ്റി.) 455/14/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

(സി) ഇക്കോ-കേഡറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന ഇക്കോ കേഡറ്റുകൾക്ക് താഴെപ്പറയുന്ന വിഷയങ്ങളിൽ പരിശീലനം നൽകുന്നതാണ് :

1. നേതൃത്വ പരിശീലനം
2. ആശയ വിനിമയ പാടവം മെച്ചപ്പെടുത്തൽ
3. ക്രിയാത്മകമായ സമീപനവും ചിന്താശേഷിയും വർദ്ധിപ്പിക്കാനുള്ള പരിശീലനം
4. വ്യക്തിത്വ വികസന പരിശീലനം
5. പരിസ്ഥിതി സംരക്ഷണത്തിനുള്ള അവബോധം സൃഷ്ടിക്കാനുള്ള പരിശീലനം
6. ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള പരിശീലനം
7. പരിസ്ഥിതി ശാസ്ത്രം സംബന്ധിച്ച പഠനം

LIBRARY ARCHIVES Kerala Legislative Assembly

8. പരിസ്ഥിതി സംബന്ധമായ നിയമങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനുള്ള പരിശീലനം

9. കായിക പരിശീലനം, യോഗ, ധ്യാനം തുടങ്ങിയവയുടെ പരിശീലനം

10. ജൈവവൈവിദ്ധ്യ സംരക്ഷണം, കടലാമ സംരക്ഷണം, കണ്ടൽക്കാടുകളുടെ സംരക്ഷണം, വിവിധ വനസസ്യങ്ങളെ തിരിച്ചറിയാനുള്ള പരിശീലനം. ഇവ കൂടാതെ നേതൃത്വ പരിശീലന ക്യാമ്പുകൾ, ശില്പശാല, സെമിനാറുകൾ എന്നിവയും വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ഇന്ത്യാ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട്

289 (2164) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഷിംഗ്ടണിൽ തയ്യാറാക്കപ്പെട്ട ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട് ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ സ്ഥലങ്ങളെ ബന്ധിപ്പിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; സംസ്ഥാന സർക്കാർ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ ; ഇന്ത്യയിലെ ഏത് ഏജൻസി വഴിയാണ് ഇത് നടപ്പാക്കുന്നത് ; ഇതിൽ വനം വകുപ്പിന്റെ പങ്ക് എന്താണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ഏക്കർ കൃഷിഭൂമി സംരക്ഷിത വനപ്രദേശമാക്കി മാറ്റാനുദ്ദേശിക്കുന്നുണ്ട് ; പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എത്ര ഏക്കർ സ്ഥലത്ത് പുതുതായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തും :

(സി) ഈ പദ്ധതിക്ക് ലഭിച്ച വിദേശ സഹായം, കണക്കാക്കപ്പെട്ട മൊത്തം പദ്ധതിച്ചെലവ് എന്നിവ എത്രയാണ് ;

(ഡി) പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തുനിന്ന് ഏതെല്ലാം ഉദ്യോഗസ്ഥന്മാർ ആരുടെയൊക്കെ നേതൃത്വത്തിൽ വിദേശയാത്ര നടത്തി ; ഇതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ ; വിദേശ സന്ദർശനത്തിന്റെ ചെലവ് വഹിക്കുന്നത് ആരാണ് ; യാത്രയുടെ ഉദ്ദേശ്യങ്ങൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly